# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1067

11..02..2016 -ൽ
മറുപടിയ്ക്ക്

## പ്രതിപക്ഷ നേതാവിനെതിരെയുള്ള ആരോപണം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഐ.എച്ച്.ആർ.ഡി-യെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ: | (സി) | നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ക്ലബ്ബ് ചെയ്ത് ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സമിതിയുടെ 2-ാം നിഗമനത്തിൻമേൽ നടപടി സ്വീകരിച്ചു വരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ? | (ഡി) | ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശാനുസരണം വി.ഇ.2/2012/എസ്.ഐ.യു II എന്ന നമ്പരിൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.01/15/എസ്.ഐ.യു II എന്ന വിജിലൻസ് കേസ് 20-04-2015-ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസ് അന്വേഷണം പുരോഗമിച്ചുവരുന്നു. വി.ഇ.1/2012/എസ്.ഐ.യു II എന്ന നമ്പരായി മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നു വരുന്നു. |

Reeb

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പ്രതിപക്ഷ നേതാവിനെതിരായി ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ പ്രധാന നിഗമനങ്ങൾ

1) ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി.) ഡയറക്ടർ സ്ഥാനത്തേയ്ക്ക് ശ്രീ.വി.എ.അരുൺകുമാറിനെ നിയമിക്കണെമെന്നഭ്യർത്ഥിച്ച് നോട്ട് സമർപ്പിച്ച അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പ്രൊഫ.വി.സുബ്രഹ്മണിയുടെയും, ഐ.എച്ച്.ആർ.ഡിയുടെ ഭരണവകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ നോക്ക് കുത്തിയാക്കി ഇപ്രകാരം സമർപ്പിയ്ക്കപ്പെട്ട നോട്ട് അംഗീകരിച്ച് നൽകിയ അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ.എം.എ.ബേബി യുടെയും, ശ്രീ.വി.എ.അരുൺ കുമാർ ഒപ്പ് രേഖപ്പെടുത്തിയ രേഖ, കൗണ്ടർ സൈൻ ചെയ്ത് അംഗീകരിച്ച അന്നത്തെ ഐ.റ്റി.സെക്രട്ടറി ശ്രീ.കെ.സുരേഷ്കുമാറിന്റെയും, ഐ.റ്റി. വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദന്റെയും കൂട്ടായ കാർമികത്വത്തിലാണ് ഈ ആസൂത്രിതമായ നീക്കം നടന്നതെന്ന് സമിതി വിലയിരുത്തി. ഇതിൽ നിന്നും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി.) അക്കാഡമി ഡയറക്ടറായി ശ്രീ.വി.എ.അരുൺകുമാറിനെ നിയമിച്ചതായി ശ്രീ.പി.സി. വിഷ്ണുനാഥ് എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തി.

2) ശ്രീ.വി.എ.അരുൺകുമാറിന് മോഡൽ ഫിനിഷിംഗ് സ്കൂൾ ഡയറക്ടറുടെ അധികച്ചുമതല നൽകി നിയമിച്ചത് സംബന്ധിച്ച് ശ്രീ.പി.സി.വിഷ്ണുനാഥ് എംഎൽ.എ.യുടെ ആക്ഷേപം നിലനിൽക്കുന്ന തല്ലായെന്നും, എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ ധനവിനിയോഗം സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ട് സമിതി മുൻപാകെ വന്നിരുന്നുവെങ്കിലും ഇത് സമിതിയുടെ അന്വേഷണ പരിധിയിൽ വരാത്തതിനാൽ ഇത് സംബന്ധിച്ച് സമിതി അഭിപ്രായം രേഖപ്പെടുത്തുന്നില്ലായെന്നും സമിതി വ്യക്തമാക്കി.

3) സർവ്വനിയമങ്ങളും കാറ്റിൽപ്പറത്തി ആദ്യത്തെ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് റീ-നോട്ടിഫിക്കേഷൻ ഇറക്കി ശ്രീ.വി.എ.അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറായി നിയമിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യൂതാനന്ദന്റെ മകൻ എന്ന പരിഗണനയിൽ മാത്രമാണെന്ന് സമിതി വിലയിരുത്തി. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറാകുവാൻ ശ്രീ.വി.എ.അരുൺ കുമാറിന് യോഗ്യതയില്ലെന്ന് ശ്രീ.പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തിയിട്ടുണ്ട്.

4) സ്പേസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ച് ശ്രീ.പി.സി.വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ച ആരോപണം വസ്തുതാപരമല്ലെന്ന് സമിതി വിലയിരുത്തിയിട്ടുണ്ട്.

Reel

*സെക്ഷൻ ഓഫീസർ*